in view of the fact that there may not be adequate work for a full-time malayalam pandit in a lower secondary school, they are unable to accept that part of the resolution immediately.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട വിദ്യാഭ്യാസമെമ്പർ പറഞ്ഞിട്ടുള്ളതിനെല്ലാം വിശദമായ മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒന്നു മാത്രമെ എനിക്കു ഗവമ്മെണ്ടിനോടപേക്ഷിക്കുവാനുള്ളു. ഇനി മേലാൽ ലോവർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ നിയമനം നടത്തുമ്പോൾ ഫിസിക്കൽ ട്രെയിനിംഗു കഴിച്ചിട്ടുള്ളവരേയും, സ്കൂൾഫൈനലും സാഹിത്യശിരോമണിയൊ പണ്ഡിത പരീക്ഷയോ പാസ്സായിട്ടുള്ളവരേയും നിയമിക്കേണ്ടതാണെന്നു് വിശദമായ ഒരു കല്പന ഗവമ്മെണ്ടു പുറപ്പെടുവിക്കുന്നപക്ഷം ഞാൻ ഈ പ്രമേയം പിൻവലിക്കാമെന്നു വിചാരിക്കുന്നു.

Rao Sahib I. N. Menon *(Director of Public Instruction)*: As far as available. Because there are not many who have got these qualifications.

മിസ്റ്റർ സി. വി. ഇയ്യു: അഡ്വർടൈസ് ചെയ്യുവാനാണു പറയുന്നതു്.

Rao Sahib I. N. Menon *(Director of Public Instruction)*: What about domicile?

മിസ്റ്റർ സി. വി. ഇയ്യു: അതു കൊച്ചിരാജ്യക്കാർക്കായിരിക്കണം, പുറമെയുള്ളവർ പാടില്ല. I withdraw the resolution with the leave of the House.

Resolution by leave withdrawn

RESOLUTION NO. 33

Drainage Canal to let off excess waters of the Thottara Puncha

Mr. V. J. Mathai *(Planters)*: Sir, I move the following resolution.—*"This Council recommends to the Government that a drainage canal may be opened to let off the excess waters of the Thottara Puncha Nilams lying in the Edakkattuvayal and other villages in the Cochin-Kanayannur Taluk."*

സർ, ഈ വിഷയം ഈ നിയമസഭയിൽ പുത്തരിയല്ല ഇതിനുമുമ്പുതന്നെ ഈ സംഗതിയിലേയ്ക്കു് ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവർകളുടെ ശ്രദ്ധയെ പതിപ്പിച്ചിട്ടുള്ളതും അദ്ദേഹം ഒരു മറുപടി പറഞ്ഞിട്ടുള്ളതുമാണു്. ഇതു് ഒരു പ്രാദേശിക വിഷയമായതുകൊണ്ടും ഇതിനെപ്പറ്റി വലിയൊരു വാദപ്രതിവാദത്തിന്റെ ആവശ്യമില്ലാത്തതുകൊണ്ടും ഒരു വിസ്താരമായ പ്രസംഗത്തിനു് ഞാൻ ഒരുങ്ങുന്നില്ല; അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നുമില്ല.

എന്നാലും ഈ സംഗതി എന്താണെന്നു് ഈ നിയമസഭക്കു് പൊതുവെ മനസ്സിലാക്കേണ്ടതിന്നുവേണ്ടി ചുരുക്കമായിട്ടു് രണ്ടുവാക്കു് പ്രസ്താവിക്കാമെന്നു് വിചാരിക്കുന്നു. തോട്ടറ പുഞ്ചയെന്നു് പറയുന്നതായ സ്ഥലം കൊച്ചികണയന്നൂർ താലൂക്കിന്റെ ഒരും കേറാമൂലയിൽ എടക്കാട്ടുവയൽ മുതലായ വില്ലേജുക

LIBRARY ARCHIVES Kerala Legislative Assembly

ളുടെ ഒരു വിഭാഗം മാത്രമാണു്. അതിൽ ഏകദേശം ഏഴായിരം പറക്കു് നില ങ്ങൾ ഉൾപ്പെട്ടതു, അതു കുന്നുകളാൽ ചുറ്റപ്പെട്ടതാണു്. എന്നു മാത്രമല്ലാ മുവ്വാറ്റുപുഴ ആറ്റിൽനിന്നു് ഇതിലേക്കു് ഒരു ബന്ധമുണ്ടുതാനും. അതു എപ്പോ ഴും ഈ നിലങ്ങൾക്കു് മോശമാണു്. വർഷകാലത്തു് മുവ്വാറ്റുപുഴയാറ്റിൽനിന്നു് വരുന്ന വെള്ളവും, കുന്നുകളിൽനിന്നു് വരുന്ന വെള്ളവും ഈ നിലങ്ങളിൽ സംഭ രിച്ചു വയ്ക്കുകയാണു് ചെയ്യുന്നതു്. അപ്പോൾ മഴക്കാലത്തു് ഹെക്ടർ പ്രതി അടിവ ശേഷം വെള്ളം കെട്ടിനില്ക്കുകയും ചെയ്യും. ആവക സ്ഥലങ്ങളിൽ കൃഷിക്കു് വിളവു ഇറക്കേണ്ടതായ കാലങ്ങളിൽ വഞ്ചി കളിക്കുന്നതിനല്ലാതെ വേറെ യാതൊരാവ ശ്യത്തിനും ഉപകരിക്കുന്നില്ല. ഈ നിലങ്ങളിൽ ഒരുപൂവുകൃഷി പണിയണമെങ്കിൽ തുലാവർഷം കഴിഞ്ഞു് വെള്ളം വറ്റിച്ചിട്ടുവേണം. അങ്ങിനെ അതിലെ വെള്ളം വറ്റണമെന്നുണ്ടെങ്കിൽ പുഴയിലെ വെള്ളവുംകൂടി വറ്റി തീർന്നിട്ടുവേണം. ഇതി നു് ഞാൻ ഈ നിയമസഭയോടു് അഭ്യർത്ഥിക്കുന്നതെന്താണെന്നുവെച്ചാൽ, വർഷ കാലത്തു് വെള്ളം കെട്ടിനില്ക്കാതിരിക്കത്തക്കവിധത്തിൽ ഒരു തോടോ, അല്ലെ ങ്കിൽ ഒരു ദ്വാരമോ ഉണ്ടാക്കണമെന്നാണു്. ഇതാണു് എനിക്കു് പ്രധാനമായിട്ടു് പറയാനുള്ളതു്. പടിഞ്ഞാട്ടു് വെള്ളം പോകാവുന്ന തരത്തിൽ ഒരു തുരങ്കമുണ്ടാക്കി യാലും മതി. ഇക്കാര്യത്തെക്കുറിച്ചു് ചീഫ് എൻജിനീയർ ഇവിടെ പറയുകയു ണ്ടായതു് തോടു തുറക്കുന്നതിനും സാദ്ധ്യമല്ലെന്നും, തുരങ്കമുണ്ടാക്കുന്നതിനു് മൈസൂ രിൽനിന്നു് ഒരു വിദഗ്ദ്ധനെ വരുത്തുന്നതാണെന്നും ഈ നിയമസഭ മുമ്പാകെ വാ ദ്ധാനം ചെയ്തിട്ടുമുണ്ടു്. ഈ പ്രശ്നത്തിന്റെ ഗൌരവം എത്രത്തോളമുണ്ടെന്നു് ഇനി പറയേണ്ട ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. ഏഴായിരം പറ വിത്തു വിതക്കാനുള്ള ഈ സ്ഥലങ്ങളിൽ ഇങ്ങിനെ വെള്ളം കെട്ടിനില്ക്കുന്ന കാരണത്താൽ ചുരുങ്ങിയതു് എഴുപതിനായിരത്തോളം പറ നെല്ലു് നമ്മുടെ രാജ്യത്തിനു് കിട്ടേണ്ടതു് നഷ്ടപ്പെ ടുകയാണു് ചെയ്യുന്നതു്. പ്രത്യേകിച്ചു് നെൽകൃഷിയെ വർദ്ധിപ്പിച്ചാൽ മാത്രമെ നമ്മുടെ ക്ഷേണപദാർത്ഥങ്ങൾക്കു് ദൌർല്ലഭ്യമില്ലാതെ കഴിച്ചുകൂട്ടുവാൻ സാധിക്കയുള്ളു. അതിനാൽ ഈ പ്രശ്നം വളരെ ഗൌരവമാണു്. അതിലേക്കുവേണ്ടി വരുന്ന പണം ഗവർമ്മെണ്ടു് ഒരു കടംവാങ്ങിയായിട്ടെങ്കിലും വാങ്ങി നിർവ്വഹിക്കേ ണ്ടതു് എത്രയും അത്യാവശ്യമായിട്ടാണു് തീർന്നിരിക്കുന്നതു്.

ഇനി വേറെയൊരു സംഗതിയുള്ളതു് ഇതിനുവേണ്ട പണം ചിലവാക്കി യാൽ ഗവർമ്മെണ്ടിലേയ്ക്കു് എന്തെങ്കിലും ഒരു ആദായം കിട്ടുവാൻ വഴിയുണ്ടോയെ ന്നുള്ളതാണു്. ഇക്കാര്യം ഞാൻ പറയുന്നതെന്താണെന്നുവെച്ചാൽ അധികൃത സ്ഥാനങ്ങളുമായി ഏറ്റമുട്ടുന്ന അവസരത്തിൽ ഈ വിഷയത്തെപ്പറ്റി അവർ ഉദ്ധരിച്ചിട്ടുള്ളതുകൊണ്ടാണു്. ഏതാണ്ടു് ഗവർമ്മെണ്ടു് കടം എടുക്കുന്ന സംഖ്യക്ക ള്ള പലിശ ചില പ്രത്യേക നിയമങ്ങളോടുകൂടി നികുതിയായി ചുമത്തിയാലും ഒരു വ്യക്തിയെന്ന നിലയിൽ എനിക്കു വിരോധമില്ല. ഇക്കാര്യത്തിൽ കൃഷിവല ന്മാരുടെ ഒരു അഭിപ്രായവുംകൂടി വേണ്ടതില്ലയെന്നുള്ള അഭിപ്രായവുമുണ്ടു്. ഈ തിനു് ഇനി എന്തെല്ലാം തടസ്സങ്ങൾ ഗവർമ്മെണ്ടിൽനിന്നുംകൊണ്ടുവന്നാലും ഒരി ക്കലും നിലനില്ക്കയില്ലെന്നുമാത്രമാണു് എനിക്കു് ബോധിപ്പിക്കാനുള്ളതു്. ഈ തു് ഈ നിയമസഭയിലെ പൊതുജനപ്രതിനിധികളും, ഗവർമ്മെണ്ടും അംഗീകരി ക്കുന്ന ഒരു സംഗതിയാണു്. അങ്ങിനെ പൊതുവെ അംഗീകരിച്ചിരിക്കെ, യുദ്ധം മൂലംഉണ്ടായിട്ടുള്ള ഇപ്പോഴത്തെ ഈ പരിതസ്ഥിതി മാറുന്ന അവസരത്തിലെങ്കി ലും വളരെ അനുകൂലമായി ചിന്തിക്കണമെന്നും, അതിലേക്കുവേണ്ടിവരുന്ന പ ണികൾ വേഗത്തിൽ നടത്തുവാൻവേണ്ട ഒരുക്കങ്ങൾ ചെയ്യണമെന്നും ഞാൻ ഗവ ർമ്മെണ്ടിനോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയത്തെ ബഹുമാനപ്പെട്ട സഭയുടെ അംഗീകരണത്തിനായി സമർപ്പിച്ചു കൊള്ളുന്നു.

Mr. T. P. Poulose *(Kanayannur):* I support this resolution. Before that, I would like to know from the Chief Engineer whether this scheme was not once approved and whether it was not the intention of the Government to take up the scheme some time ago?

Mr. M. D. Narayana Ayyar *(Offg. Chief Engineer):* The scheme was not approved of, but it was investigated, and the cost report was prepared. The cost came to about Rs. 1,80,000. The Government ordered that a cheaper scheme should be investigated to bring about the result desired.

Mr. T. P. Poulose *(Kanayannur):* Once an estimate was prepared and it was estimated that the cost would come to about fifty or sixty thousand rupees.

Mr. M. D. Narayana Ayyar *(Offg. Chief Engineer):* But it was subsequently found out that a tunnel had to be cut through rock extending to about 1,200 feet of about 80 feet from the ground level. We had a correspondence with the Mysore authorites. There they had dug a canal called the "Irwin Canal" through rocky surface. As a result of that correspondence we prepared a revised estimate and the estimate now stands at about Rs. 1,80,000.

Mr. T. P. Poulose *(Kanayannur):* May I know exactly the cost of the cheaper tunnel?

Mr. M. D. Narayana Ayyar *(Offg. Chief Engineer):* The tunnel cannot be cut at a small cost. But the Government has directed the Chief Engineer to investigate and find out if it is possible to achieve this result by a more economical scheme.

Mr. T. P. Poulose *(Kanayannur):* The area that will be benefited by this canal is about 1 thousand acres most of which is now assessed by the Government as single crop lands. If this canal is opened and the excess water there let out into the backwaters and floods avoided, most of these lands will be fit for double crop cultivation. Government which is now realising only single crop assessment on these lands, will be able to assess double crop assessment on most of these lands. It is a fact that in several portions of these lands crops are not harvested as they are completely damaged by floods. Taking into consideration all the circumstances from a layman's point of view it would appear that Government would be able to get a reasonable return for the money which will have to be spent for this drainage canal, and it will to a large extent increase the yield that the people are able to get from these lands.

LIBRARY ARCHIVES Kerala Legislative Assembly

With regard to the estimates, I do not know which is to be depended upon. Once the estimate came to Rs. 50,000. Another estimate came up to Rs. 1,80,000. Probably the correct estimate may be midway between the two. Whatever it is, it is a technical matter upon which the Chief Engineer only can give an opinion. The canal is a very useful thing. Government will get a reasonable return for the investment it makes. From lands which are now assessed as single crop Government will be able to get double crop assessment. If the yield increases, Government will also be able to levy a greater assessment than what it has now levied.

Rao Sahib K. Achyuta Menon *(Secretary to Government):* It can be done only at the settlement. You cannot raise it now.

Mr. T. P. Poulose *(Kanayannur):* You can levy double crop assessment so far as the lands which are turned into double crop are concerned. With regard to the other land you can levy a cess if those lands profit by the canal. The question is whether you will be able to get a reasonable return for the money that you have to invest. I strongly support this resolution.

മിസ്റ്റർ എം. ഡി. നാരായണയ്യർ : സർ, ഞാൻ പറഞ്ഞ മാതിരി ഇതിൽ ആവശ്യപ്പെട്ടിട്ടുള്ള സംഗതി വളരെ ഉപയോഗപ്രദമാണെന്നും ഗവമ്മെണ്ടിന്നു ബോദ്ധ്യം വന്നിട്ടുള്ളതാണു്. ഈ സ്കീം നടപ്പിൽ വരുത്തണമെങ്കിൽ ഉദ്ദേശം ഒരു ലക്ഷത്തിഎൺപതിനായിരത്തിൽപ്പരം രൂപയോളം വേണ്ടിവരുന്നതാണു്. ഇത്ര അധികം സംഖ്യ ഇതിന്നു ചിലവാക്കുന്നതിനേക്കാൾ, ചുരുങ്ങിയ സംഖ്യ കൊണ്ടു് നടത്താവുന്നതരത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തി, ഒരു റിപ്പോർട്ട് സമർപ്പിക്കണമെന്നു ചീഫ് എഞ്ചിനീയരോടു അടുക്കൽ ഓർഡർ നല്കീട്ടുണ്ടു്. അതിൽ നിന്നു മനസ്സിലാക്കാം ഇതു് വളരെ അത്യാവശ്യമായ ഒരു സംഗതിയാണെന്നു ഗവമ്മെണ്ടു സമ്മതിച്ചിട്ടുണ്ടെന്നും. മിസ്റ്റർ പൌലോസ്സു് പറഞ്ഞമാതിരി ആദ്യം മുപ്പതിനായിരം രൂപ എസ്റ്റിമേറു ചെയ്യുകിലും പിന്നീടുള്ള അന്വേഷണത്തിൽ ഒരു ലക്ഷത്തിഎൺപതിനായിരം രൂപയോളം വേണ്ടിവരുമെന്നാണു്. എന്നാൽ ഇതിലും കൂടുതൽ സംഖ്യ വരുമെന്നാണു വിചാരിക്കേണ്ടതു്. കാരണം, ഭൂമിയിൽനിന്നു് വ്യത്യാസമായിട്ടാണു് ഈ തുരങ്കം പോകുന്നതു്. ഫുഡ് ൦൦ അടിയോ പാറയിൽകൂടിത്തന്നെ ഒരു തുരങ്കം വെട്ടണം. അപ്പോൾ ഇതിന്റെ മുതൽമുടക്കു് എത്രമാത്രമുണ്ടെന്നും ഏകദേശം ഈ സഭക്കു് മനസ്സിലാക്കാവുന്നതാണു്.

ഡെപ്യൂട്ടി പ്രസിഡണ്ടു് : ഒരു തോട്ട തെളിച്ചുകൊണ്ടുപോയാൽ എന്താണു് തരക്കേടു് ?

മിസ്റ്റർ എം. ഡി. നാരായണയ്യർ : അതാണു നോക്കുന്നതു്. ആദ്യം ഒരു എസ്റ്റിമേറു് ഉണ്ടാക്കി, പിന്നെ ഞങ്ങൾ അവിടെ ബോറിംങ്ങു് ചെയ്തുനോക്കി. അപ്പോഴാണു് ഫുഡ് ൦൦ അടി ഒന്നായിട്ടു പിരിച്ചിട്ടുള്ള പാറയാണു് അവിടെയുള്ളതെന്നു മനസ്സിലായതു്. മൈസൂർ ഗവമ്മെണ്ടിലേക്കു ഞങ്ങൾ ഇതിനെപ്പറ്റി എഴുതിച്ചോദിച്ചു. അവിടെ ഇർവിൻ കനാൽ തുറന്നപ്പോൾ ഇങ്ങിനെ പാറ കാണുകയുണ്ടായി. അതിന്നു് എത്ര ചിലവായിയെന്നു് അറിയുന്നതിനാണു്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ മൈസൂർ ഗവൺമെണ്ടിനോട് എഴുതി ചോദിച്ചതു്. അങ്ങിനെ അന്വേഷിച്ചിട്ടാണു് ഇതിന്നു് ഒരു ലക്ഷത്തിഎൺപതിനായിരം രൂപ എസ്റ്റിമേറു് തെയ്യാറാക്കിട്ടുള്ളതു്. ആ നിർദ്ദേശം കിട്ടിയതിന്നു ശേഷമാണു് ഇതിനേക്കാൾ കുറവു സംഖ്യ ചിലവുള്ള ഒരു പദ്ധതിയുണ്ടാക്കാമെന്നു് എനിക്കു തോന്നിയതു്. മിസ്റ്റർ മത്തായി പറഞ്ഞതുപോലെ മുപ്പാറപുഴയിൽക്കൂടി വെള്ളം കയറിട്ടാണു് കൂടുതൽ ബുദ്ധിമുട്ടുണ്ടാകുന്നതു്. ആ വെള്ളം ഇങ്ങോട്ടു കടത്താതെയിരുന്നാൽ മതിയാവുന്നതാണു്. അപ്പോൾ മഴപെയ്യുന്നവെള്ളം മാത്രമേ ഇതിലേക്കു കടക്കുവാൻ സാധിക്കുകയുള്ളു. അപ്പോൾ കുറച്ചു ചണംകൊണ്ടു് ഒരു പദ്ധതിനടപ്പാക്കുവാൻ സാധിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. അതിന്നു വേണ്ടി പല ശ്രമങ്ങളും ചെയ്തുവരുന്നുണ്ടു്. അതുകൊണ്ടു് ഈ പ്രമേയം ഇപ്പോൾ പ്രസ്സു ചെയ്യേണ്ടതായ ആവശ്യമില്ലെന്നാണു് തോന്നുന്നതു്.

മിസ്റ്റർ വി. ജെ. മത്തായി : ഗവൺമെണ്ടു് വളരെ അനുഭാവപൂർവ്വം ഇതിന്നു മറുപടി തന്നിട്ടുണ്ടു്. അതുകൊണ്ടു് സാധാരണരീതിയിൽ ഗവൺമെണ്ടിനെ തോല്പിക്കുവാൻ വേണ്ടിയല്ല, ഇതിന്റെ അത്യാവശ്യകതയെ ഗവൺമെണ്ടിനെ മനസ്സിലാക്കി കഴിയുന്നതും വേഗം ഇതിലെന്തെങ്കിലും ചെയ്യണമെന്നു ധരിപ്പിക്കുവാൻ വേണ്ടിയാണു് ഈ പ്രമേയം ഇവിടെ പാസ്സാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നതു്. ഈ പ്രമേയം ഇവിടെ പാസ്സായിരുന്നാൽ മാത്രമേ അതിന്റെ നടപടിയിലേക്കു ഗവൺമെണ്ടിന്റെ ദയാദൃഷ്ടി പതിയുമെന്നുള്ളതിന്നു് ഒരു റിക്കാർഡു് ഉണ്ടാകയുള്ളു.

മിസ്റ്റർ എം. ഡി. നാരായണയ്യർ : അതിനും ഇപ്പോൾതന്നെ റിക്കാർഡായിട്ടുണ്ടു്.

മിസ്റ്റർ വി. ജെ. മത്തായി : ഗവൺമെണ്ടിനെ തോല്പിക്കുവാൻ വേണ്ടിയല്ല ഈ കാര്യത്തിൽ ഗവൺമെണ്ടിന്റെ ശ്രദ്ധയെ ത്വരിതപ്പെടുത്തുവാൻ വേണ്ടി മാത്രമായിട്ടു ബഹുമാനപ്പെട്ട സാമാജികന്മാർ ഇതിനെ അനുകൂലിച്ചു് പാസ്സാക്കിത്തരണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

Resolution put and carried

RESOLUTION No. 34

Police Out-post for Palanji

Mr. K. R. Viswambharan *(Ezhuvas-Talappalli):* The resolution that stands in my name is as follows.—"*This Council recommends to the Government to establish a Police Out-post Station in Palanji, Talappalli Taluk.*"

Sir, I do not want to make a long speech in support of this resolution. Palanji is an important village in the Talappalli Taluk and there was a proposal some time back to convert it into a Town Council. That shows that it is almost developing into a town. The Government are aware that at present there is no Police Station there. It is under the jurisdiction of the Police Inspector of Kunnamkulam. In view of the importance of the town and in view of its position in the extremity of Cochin State adjoining the British borders, I think

LIBRARY ARCHIVES Kerala Legislative Assembly